പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1541 **16-10-2026-ൽ മറുപടിയ്ക്ക്**

ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗവേഷണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സർവകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ നിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ "Research development and outreach" എന്ന ശീർഷകത്തിൽ 3.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക പ്രയോജനപ്പെടുത്തി ഗവേഷണ പദ്ധതിയായ PLEASE (Performance Linked Encouragement for Academic Studies and Endeavour) പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗവേഷണത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ഗവേഷണഫലങ്ങളെ പ്രായോഗിക സാങ്കേതികവിദ്യകളായും ഉൽപ്പന്നങ്ങളായും വികസിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരള സാങ്കേതിക സർവകലാശാലയുടെ CERD, TrEST Research Park, KSCSTE-യുടെ ETP ഗവേഷണ ധനസഹായ പദ്ധതി എന്നിവയിലൂടെ ഗവേഷണ പ്രവർത്തനങ്ങൾക്കും വിദ്യാർത്ഥി പ്രോജക്ടുകൾക്കും പിന്തുണ നൽകുന്നു. കൂടാതെ, ക്യാമ്പസ്-വ്യവസായ സഹകരണം, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ, ഗവേഷണ ഗ്രാന്റുകൾ, നൂതനാശയങ്ങൾ, സ്റ്റാർട്ടപ്പുകൾ, ബൗദ്ധിക സ്വത്തവകാശ സംരക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ ഗവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിനും, ഗവേഷകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അതിലൂടെ ഗവേഷണ നിലവാരം ഉയർത്തുന്നതിനുമായി ഗവേഷണ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ദേശീയ അന്തർദേശീയ സെമിനാറുകളും ഗവേഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്.

എം.ജി. സർവകലാശാലയ്ക്ക് കീഴിലെ ഏകദേശം 225 ഗവേഷണ കേന്ദ്രങ്ങളിലായി വൻതോതിലുള്ള ഗവേഷണ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, ഡാറ്റാ അനലിറ്റിക്സ്, നാനോസയൻസ്, എനർജി മെറ്റീരിയൽസ്, ഫുഡ് സയൻസ് തുടങ്ങിയ നവീന മേഖലകളിൽ പുതിയ പഠനവകുപ്പുകളും ഗവേഷണ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് അന്താരാഷ്ട്ര അംഗീകാരങ്ങളും അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെയും KSHEC-ന്റെയും പിന്തുണയോടെ "Kerala Institute for Science, Technology and

Innovation (KISTI)" എന്ന പേരിൽ ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിന് ധാരണാപത്രത്തിൽ (MoU) ഒപ്പുവെച്ചിട്ടുണ്ട്. സർവകലാശാലയിൽ ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മികച്ച സർവകലാശാലകളുമായി വിവിധ ഗവേഷണ പദ്ധതികളായ സ്പാർക് പ്രോഗ്രാം, ഡിബിറ്റി ബയോടെക്, ഊർജിത് ക്ലസ്റ്റർസ്, സഫീറ പ്രൊപോസൽ എന്നീവയുമായി സഹകരിച്ചു പ്രവർത്തിച്ചു വരുന്നു. അധ്യാപകർക്കായി നിരവധി ടെയിനിങ് പ്രോഗ്രാമുകൾ ദേശീയ അന്തർദേശീയ തലത്തിൽ സംഘടിപ്പിക്കാറുണ്ട്.

അതുപോലെ ദേശീയ അന്തർദേശീയ തലത്തിൽ മികച്ച യൂണിവേഴ്സിറ്റികളും ഗവേഷണ സ്ഥാപനങ്ങളുമായും അവിടുത്തെ വിദഗ്ധരുമായി ചേർന്ന് വിവിധ മേഖലകളിൽ സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തിവരുന്നു. മാത്രമല്ല കഴിഞ്ഞ അദ്ധ്യയന വർഷം ഏകദേശം 123 ഓളം പുതിയ ഗവേഷണ മാർഗദർശികൾക്കും 17 ഓളം പുതിയ ഗവേഷണ കേന്ദ്രങ്ങൾക്കും അംഗീകാരം നൽകുകയും പുതിയ വിഷയങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ യു.ജി.സി നൽകുന്ന ഫെല്ലോഷിപ്പുകൾക്കു പുറമെ സർവകലാശാലാ തലത്തിൽ ഫെല്ലോഷിപ്പുകളും നൽകിവരുന്നുമുണ്ട്.

സർവകലാശാലയുടെ ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC) മുഖേന വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും ഗവേഷണാധിഷ്ഠിത ആശയങ്ങളെ ഉൽപ്പന്നങ്ങളായും സാങ്കേതികവിദ്യകളായും സംരംഭങ്ങളായും വികസിപ്പിക്കുന്നതിന് ഇൻക്യൂബേഷൻ, മെന്ററിംഗ്, വിദഗ്ധോപദേശം, നെറ്റ് വർക്കിംഗ്, സംരംഭകത്വ വികസന പിന്തുണ എന്നിവ നൽകിവരുന്നു.

ഗവേഷണ നിലവാരം ഉയർത്തുന്നതിനായി CUSAT വിവിധ വ്യവസായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സിന്തറ്റിക് ബയോളജി, ബയോമാനുഫാക്ചറിംഗ്, സുസ്ഥിര പഠനങ്ങൾ, IoT, സ്മാർട്ട് ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങളും ഗവേഷണ-നവീകരണ ലാബുകളും ആരംഭിച്ചിട്ടുണ്ട്. Synthite Ltd., Geojit Financial Services Ltd., LGSI, Daikin തുടങ്ങിയ സ്ഥാപനങ്ങളുമായും ISRO, DRDO, NPOL തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായും സജീവ സഹകരണം നടത്തിവരുന്നു. ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പുതുതായി ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് സീഡ് മണി നൽകുകയും ഗവേഷണ വിദ്യാർത്ഥികൾക്ക് വിദേശ സെമിനാറുകളിലും കോൺഫറൻസുകളിലും പങ്കെടുക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ, അധ്യാപകർക്ക് വിദേശ സ്ഥാപനങ്ങളിൽ ഗവേഷണം നടത്തുന്നതിനായി RUSA മുഖേനയും ധനസഹായം ലഭ്യമാക്കുന്നു.

(ബി) വ്യവസായ മേഖലയുമായി സഹകരിച്ച് ഗവേഷണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ഉണ്ട്.

വ്യവസായ മേഖലയുമായി സഹകരിച്ച് ഗവേഷണ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ഗവേഷണത്തിനു താൽപര്യമുള്ള വിദ്യാർഥി സമൂഹത്തെയും വ്യവസായ മേഖലയെയും ബന്ധിപ്പിക്കുകയും, വിദ്യാർത്ഥികൾക്ക് സംരംഭകത്വ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ അവസരങ്ങൾ നൽകുകയും ചെയ്യുന്നു. നിലവിൽ രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിൽ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിച്ചു കഴിഞ്ഞു. ഏകദേശം 20 കോളേജുകളിൽ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഉന്നത വിദ്യാഭ്യാസ

സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളെ പ്രായോഗിക ഉൽപ്പന്നങ്ങളാക്കി മാറ്റുവാൻ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സഹായിക്കുന്നു. ഈ പാർക്കുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലബോറട്ടറികളിൽ വികസിപ്പിച്ച പ്രോട്ടോടൈപ്പുകൾ വ്യാവസായിക ഉൽപ്പന്നങ്ങളാക്കാൻ സഹായിക്കുന്നു. വിദ്യാർത്ഥികൾക്ക് ഇൻറ്റേൺഷിപ്പ് ചെയ്യാനും പാർട്ട് ടൈം ജോലികൾ ലഭ്യമാക്കാനും ഈ പാർക്കുകൾ അവസരമൊരുക്കുന്നു.

ഗവേഷണഫലങ്ങളെ സമൂഹത്തിനും വ്യവസായ മേഖലയ്ക്കും പ്രയോജനപ്പെടുന്ന രീതിയിൽ വികസിപ്പിക്കുന്നതിനായി എം.ജി സർവകലാശാലയിൽ ചുവടെപ്പറയുന്ന ശക്തമായ അക്കാദമിക്-ഇൻഡസ്ട്രി ലിങ്കേജ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്:

1. MGU Innovation Foundation (MGUIF) & BIIC

2. KISTI (Kerala Innovation Startup Training and Incubation Centre)

3.Inter-University Centre for Organic and Sustainable Agriculture (IUCOFSA), Inter-University Centre for Biomedical Research (IUCBR)

4. Innovation and Entrepreneurship Development Centres (IEDC), K-DISC Young Innovators Programme (YIP)

കൂടാതെ മഹാത്മാഗാന്ധി സർവ്വകലാശാല നിലവിൽ ചുവടെ ചേർത്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങളുമായി അക്കാദമിക-ഗവേഷണ മേഖലകളിലുള്ള പരസ്പര സഹകരണത്തിനായി ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ട് :-

- Kerala Rubber Limited (KRL), Velloor, Kottayam, Kerala
- Central Travancore Chamber of Commerce & Industry, Thiruvalla, Kerala
- Sark Spice Products Pvt Ltd, Kottayam, Kerala

Abtec എന്ന കമ്പനിയുമായി ചേർന്ന് പച്ചക്കറികൾക് രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്ന ഒരു ഉത്പന്നം കണ്ടുപിടിച്ചിട്ടുണ്ട്. വെരിക്കോസ് വെയ്ൻ ചികിത്സയുമായി ബന്ധപ്പെട്ട ഗവേഷണം പുരോഗമിച്ചുവരുന്നു.

(സി) കേരളത്തിലെ സർവകലാശാലകളിലെ ഗവേഷണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ഉണ്ട്.

എം.ജി സർവകലാശാലയിലെ ഗവേഷണ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ പറയുന്നു.

<u>സെൻട്രൽ ലബോറട്ടറി കോംപ്ലക്സ്</u>

ഗവേഷണ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരത്തിലുള്ള പരീക്ഷണശാല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതണിത്. പ്രസ്തുത പദ്ധതിക്കായി 132 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ ആദ്യ ഘട്ടം 75 കോടി രൂപയായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ അവസാനഘട്ട പൂർത്തീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

<u>ന്യൂ ഡൊമസ്റ്റിക് & ഇന്റർനാഷണൽ ഹോസ്റ്റൽ</u>

ഈ പദ്ധതിയുടെ കീഴീൽ അന്താരാഷ്ട്ര വിദ്യാർത്ഥികളുൾപ്പെടെയുള്ളവർക്കായി ചുവടെ പറയുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

. ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ - 26 കോടി രൂപയുടെ ഭരണാനുമതി.

. സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോസയൻസ് & നാനോടെക്നോളജി - 68 കോടി രൂപയുടെ ഭരണാനുമതി.

. സൂസൻ മേബിൾ ഇൻഡോർ സ്റ്റേഡിയം & സ്പോർട്സ് കോംപ്ലക്സ് - 47 കോടി രൂപയുടെ ഭരണാനുമതി.

കൂടാതെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ബജറ്റ് പ്രകാരം നടപ്പു വർഷം ഗവേഷണത്തിനായി എം.ജി. സർവകലാശാല 9.879 കോടി രൂപ വാർഷിക പദ്ധതിയിൽ നീക്കി വെച്ചിട്ടുണ്ട്. കൂടാതെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ (12 കോടി രൂപ), റിസർച്ച് സ്കോളർസ് ഹോസ്റ്റൽ(30 കോടി രൂപ) , Centre of Excellence in Nanoscience and Nanotechnology (68 കോടി രൂപ) എന്നീ പദ്ധതികൾക്കും കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വികസന പുരോഗതിക്ക് ആക്കം കൂട്ടുന്ന ഗവേഷണ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി RUSA 2.0 പദ്ധതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സഹിപ്പിക്കുന്നതിനും ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി കൊച്ചിൻ സർവ്വകലാശാലയിൽ യുവ അധ്യാപകരുടെ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സക്കാരിന്റെ പദ്ധതി വിഹിതത്തിൽനിന്നും 'Seed Money for New Research Initiatives' എന്ന പദ്ധതിക്കായി എല്ലാ വർഷവും നിശ്ചിത തുക വകയിരുത്തി വരുന്നു.

(ഡി) ഗവേഷണ രംഗത്ത് അന്തർദേശീയ സർവകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരണം വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>മറുപടി:</u> ലോകത്തെ മികച്ച സർവകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിച്ച് സർവകലാശാലയുടെ അക്കാദമികം ഉൾപ്പെടെയുള്ള ബഹുമുഖ നിലവാരം ഉയർത്തുന്നതിനായി ജർമനിയിലെ ടുബിംങ്ങൻ സർവകലാശാലയിൽ സ്ഥാപിതമായ ഗ്രണ്ടർട്ട് ചെയറിന്റെ പ്രവർത്തനത്തിൽ മലയാള സർവകലാശാലക്ക് പങ്കാളിത്തമുണ്ട്. ഗ്രണ്ടർട് ചെയറിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിന് ടുബിംങ്ങൻ സർവകലാശാലയുമായി കരാർ പുതുക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. സർവകലാശാല നടത്തി വരുന്ന വിവിധ അക്കാദമിക പരിപാടികളിൽ മലയാള സർവകലാശാലയിലെ പ്രതിഭാധനരായ അധ്യാപരുടെ സേവനത്തിനു പുറമെ ദേശീയ-അന്തർദേശീയ അക്കാദമിഷ്യൻമാരുടെ ജ്ഞാനവും അനുഭവസമ്പത്തും വിദ്യാർത്ഥികൾക്കായി സർവകലാശാല ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിനായി സ്കോളർ ഇൻ റസിഡൻസ് പോലുള്ള പദ്ധതികളും നടത്തിവരുന്നുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല താഴെ പറയുന്ന വിദേശസർവ്വകലാശാലകളുമായി അക്കാദമിക - ഗവേഷണ മേഖലകളിൽ പരസ്പര സഹകരണത്തിനായി ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുമുണ്ട്:-

1. Li Ka Shing School of Professional and Continuing Education, Hong Kong Metroplitan University Hong Kong, SAR China.

2. Leeds Beckett University, UK

3. Walter Sisulu University, Mthatha, Eastern Cape Province, South Africa

4. Taylor's University, Malaysia & University of Toulouse Jean Jaures, France

5. Nam Can Tho University, The Socialist Republic of Vietnam

6. Institute of Physics Belgrade (IPB), Serbia

7. Ghent University, Belgium

8. Radboud University, The Netherlands

9. M. Auezov South Kazakhstan University, Republic of Kazakhstan

10. Adelphi University College of Education and Health Sciences, USA

11. Hasan Kalayoncu University, Turkey

12. Biomass Energy Systems Inc(BESI), USA .

ഗവേഷണവും ഉന്നതവിദ്യാഭ്യാസവും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കൊച്ചി സർവകലാശാല 50-ലധികം വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവെച്ചിട്ടുണ്ട്. റഷ്യയിലെ ETU LETI, ഓസ്ട്രേലിയയിലെ James Cook University, സ്വീഡനിലെ University of Gothenburg, ഫ്രാൻസിലെ University of Rennes, University of Technology of Troyes, Shimane University തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഡ്യുവൽ ഡിഗ്രി, ട്വിന്നിംഗ്, വിദ്യാർത്ഥി എക്സ്ചേഞ്ച്, ഇന്റേൺഷിപ്പ് പരിപാടികൾ നടപ്പിലാക്കിവരുന്നു. Erasmus+, DAAD തുടങ്ങിയ അന്താരാഷ്ട്ര പദ്ധതികളിലൂടെയും OCPP സ്കോളർഷിപ്പിലൂടെയും വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനും ഗവേഷണത്തിനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. കൂടാതെ, അമേരിക്കൻ കോൺസുലേറ്റിന്റെ സഹകരണത്തോടെ ആരംഭിച്ച അമേരിക്കൻ കോർണർ അക്കാദമിക-ഗവേഷണ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നു. ഈ അന്താരാഷ്ട്ര സഹകരണങ്ങൾ സംയുക്ത ഗവേഷണം, ഗവേഷണഫലങ്ങളുടെ പ്രസിദ്ധീകരണം, ആഗോളതലത്തിലുള്ള പഠന-തൊഴിൽ അവസരങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ സഹായിക്കുന്നു.

സെക്ഷൻ ഓഫീസർ